**TRACK - 8**

**S ദാനിയേൽ സമ്പത്ത് കുമാർ**
No: 147- തിരുനിലയ് കോളനി
വെച്ചൂർ PO, ചെന്നെയ് - 6000103.




**S.DANIEL SAMPATH KUMAR**

*No. 147, Thirunilai colony ,*
*vichoor post , chennai - 600 103*
*E-Mail : sdanielsampathkumar@gmail.com*
*Website : danielendtimebooksministry.org*
*Phone No :* 99419 74213 , 96001 71260

MALAYALAM

# *The Spoken Word*

*by*

*WILLIAM MARRION BRANHAM*

## എന്നാൽ ഏതിലേക്കായിരുന്നു നിങ്ങൾ സ്നാനപ്പെട്ടത്?

**(UNTO WHAT THEN WERE YE BAPTIZED)**

**അരുളിച്ചെയ്ത വചനമത്രെ യഥാർത്ഥ വിത്ത്**

"ഏക സത്യദൈവമായ അങ്ങയേയും അങ്ങ് അയച്ചിരിക്കുന്ന യേശുക്രിസ്തുവിനേയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു."

യേശു പിന്നേയും മത്തായി 24:21 ൽ "അങ്ങനെ നിങ്ങൾ നിനക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ" എന്ന് പറയുന്നുണ്ട്. അതുകൊണ്ട് ദൈവ വചനമനുസരിച്ച് നിങ്ങൾ ക്രിസ്തീയ സ്നാനം എടുത്തിട്ടില്ലെങ്കിലോ, കർത്താവായ യേശു ക്രിസ്തുവിന്റെ വരവിൽ നിങ്ങൾ തയ്യാറായിരിക്കണമെന്ന് ആഗ്രഹിക്കയും ചെയ്യുന്നെങ്കിലോ നിങ്ങൾ പ്രാർത്ഥനയോടെ കർത്താവിന്റെ സന്നിധിയിൽ കാത്തിരിക്കയും അങ്ങിനെ അപ്പോ. പ്രവൃത്തികൾ 2:38 ൽ പറയുന്നു പ്രകാരം സ്നാനപ്പെടാനും ഇടയാകട്ടെ.

വില്ല്യം ബ്രൺഹാമിന്റെ ഉപദേശപുസ്തകങ്ങളും കാസറ്റുകളും ഈ സത്യത്തെക്കുറിച്ചും മറ്റു ദൈവവചനത്തിൽ നിന്നുള്ള പ്രസംഗങ്ങൾക്കും കീഴെക്കാണുന്ന അഡ്രസ്സിൽ ആവശ്യപ്പെടുന്ന പക്ഷം ലഭ്യമാണ്.

# എന്നാൽ ഏതിലേക്കായിരുന്നു നിങ്ങൾ സ്നാനപ്പെട്ടത്?

## (UNTO WHAT THEN WERE YE BAPTIZED)

കർത്താവായ യേശുക്രിസ്തുവിന്റെ ഒന്നാംവരവിന് മുന്നോടിയായിവന്ന സ്നാപകയോഹന്നാൻ മുതൽ സ്നാനം എന്നത് ക്രിസ്ത്യൻ സഭയുടെ ഒരു ഭാഗമായിരുന്നു. മാനസാന്തരത്തിന്നായി യോഹന്നാൻ ജോർഡാൻ നദിയിൽ സ്നാനം കൊടുത്തു കൊണ്ടിരുന്നു. (മത്തായി : 3) യേശു താൻ തന്നെ യോഹന്നാനാൽ സ്നാനപ്പെട്ടു. അങ്ങിനെ അവൻ നമ്മുടെ മാതൃകയാകുന്നു. (മത്തായി 3 : 13-15)

ഇന്ന് യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി ഏറ്റിരിക്കുന്ന അനേകർ തങ്ങളുടെ സഭകളിൽവെച്ച് സ്നാനം ഏറ്റിരിക്കുന്നത് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ സ്ഥാനപേരുകളിലാണ്. അത് അവർ. മത്തായി 28:19ൽ പറഞ്ഞിരിക്കുന്ന പ്രകാരം "അതുകൊണ്ട് നിങ്ങൾ പുറപ്പെട്ട്പോയി സകല ജനങ്ങളേയും ഉപദേശിക്കുകയും, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കയും ചെയ്യുക" എന്ന ദൈവത്തിന്റെ വചനത്തിന്റെ വ്യവസ്ഥയിലുമാണ്.

ഇതേ ആളുകൾ - ദൈവത്തിന്റെ ഓരോ വചനവും സത്യമാണെന്ന് പറയുന്നവർ - അപ്പോ. പ്രവൃത്തി 2: 38 "അതിനുശേഷം പത്രോസ് അവരോട് പറഞ്ഞത് മാനസാന്തരപ്പെട്ടു ഓരോരുത്തരും പാപങ്ങളുടെ മോചനത്തിന്നായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുക, അപ്പോൾ നിങ്ങൾക്ക് പരിശുദ്ധാത്മാവെന്ന ദാനം ലഭിക്കും" എന്ന വചനത്തെ നിഷേധിക്കുകയോ എടുക്കാതിരിക്കുകയോ ചെയ്യുന്നു.. കാരണം അപ്പോ. പ്രവൃത്തി 2 : 38 ന്റെ വെളിപ്പാട് അവർക്കില്ലാത്തതിനാൽ അവരുടെ സഭയുടെ പഠിപ്പിക്കലനുസരിച്ച് പത്രോസിന്റെ വചനങ്ങൾ നമ്മുടെ കർത്താവിന്റെ വചനത്തേക്കാൾ താഴെയാണ് എന്ന് വിചാരിക്കുന്നു.

യേശു താൻ തന്നെ മത്തായി 4:4 ൽ ഇങ്ങനെ പറഞ്ഞു, "മനുഷ്യൻ അപ്പത്താൽ മാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നും പുറപ്പെടുന്ന ഓരോ വചനങ്ങൾകൊണ്ടും ജീവിക്കുന്നു." അതുകൊണ്ട് ഉദിക്കുന്ന ചോദ്യമെന്താണ് എന്നുവെച്ചാൽ, പത്രോസ് അപ്പോ. പ്രവൃത്തി 2:38 ൽ പറഞ്ഞ വചനങ്ങൾ മത്തായി 28 : 19 ൽ യേശു പറഞ്ഞ വചനത്തിന്ന് വിരുദ്ധമാണെന്നാണോ?

ദൈവത്തിന്റെ വചനം അതിനോട് തന്നെ ഒരിക്കലും പരസ്പരവിരുദ്ധമല്ല. എന്നിരുന്നാലും മനുഷ്യരുടെ ബുദ്ധിക്കനുസരിച്ച് നോക്കുമ്പോൾ കുറ്റമറ്റ ദൈവത്തിന്റെ വചനത്തിൽ രണ്ടു പരസ്പരവിരുദ്ധമായ അഭിപ്രായങ്ങൾ ഉള്ളതുമാതിരി കാണും.

ദയവുചെയ്തു ഈ ചിന്തകളെ പരിഗണിക്കുക. ദൈവത്തിന്റെ വചനം സത്യമായതിനാൽ (യോഹന്നാൻ 17:17) അവിടെ ഒരു ഉത്തരം തീർച്ചയായും ഉണ്ടാകണം. കർത്താവായ യേശുക്രിസ്തുവിനെ നിങ്ങൾക്ക് അറിയണമെങ്കിലോ, അവനാൽ നിങ്ങൾ അറിയപ്പെടണമെങ്കിലോ ഈ സത്യം നിങ്ങൾക്ക് വ്യക്തിപരമായ ഒരു വെളിപ്പാട് ആയിരിക്കണം. അവന്റെ സഭക്ക് വേണ്ടിയുള്ള അവന്റെ വരവ് വളരെ അടുത്തിരിക്കുന്നു.



പോയതിനുശേഷം വിശ്വാസികളിലും വിശ്വാസികൾക്കായിട്ടും ദൈവത്തിന്റെ ഒരു പ്രകാശനമാണ് (Manifestation). ആ സമയം കാര്യസ്ഥൻ വന്നിരുന്നില്ല എന്നാലും യേശു പറഞ്ഞു. അവർ അവനെ അറിയും എന്ന്! എന്തുകൊണ്ട്? കാരണം യേശുതന്നെയായിരുന്നു. പരിശുദ്ധാത്മാവും മാംസരക്തത്തിൽ വെളിപ്പെട്ട കാര്യസ്ഥനും. എന്നാൽ കാൽവരിക്ക് ശേഷം മാത്രമാണ് താൻ തന്നെ അവരുടെ അടുത്തു വരുന്നതും അവരിൽ ആകുന്നതും.

വേദവാക്യങ്ങളിൽ കർത്താവായ യേശു ക്രിസ്തുവിനേയും അവന്റെ നാമത്തേയും പറ്റിയുള്ള വെളിപ്പാടിനെക്കുറിച്ച് പറയാവുന്ന എല്ലാ കാര്യങ്ങളേയും പറ്റി ഇവിടെ പ്രതിപാദിക്കണമെന്നുള്ളതല്ല ഈ ലഘുലേഖയുടെ ഉദ്ദേശം. എന്നാൽ തെറ്റായ ത്രിത്വഉപദേശത്തെപ്പറ്റിയും ത്രിത്വനാമങ്ങളിലുള്ള സ്നാനത്തെപ്പറ്റിയും നിങ്ങളുടെ ശ്രദ്ധയെ ഉണർത്തുക എന്നതാണ് ഉദ്ദേശം. അങ്ങിനെ നിങ്ങൾ ദൈവവചനം അന്വേഷിക്കുവാനും ഈ കാര്യങ്ങൾ ഇങ്ങിനേ തന്നെയാണോ എന്ന് കാണുന്നതിന്നും ഇടയാകും (അപ്പോ. പ്രവൃത്തികൾ 17:11)

കർത്താവായ യേശുക്രിസ്തു തന്റെ സഭക്കുവേണ്ടി വരുന്നതിന്ന് മുമ്പായി ദൈവം, ഏലിയാവിന്റെ ശക്തിയോടും ആത്മാവോടുകൂടിയ ഒരു പ്രവാചകനെ വീണ്ടും ജനിച്ച ദൈവമക്കളെ വചനത്തിലേക്ക് തിരിച്ചു കൊണ്ടുവരുവാൻ വേണ്ടി അയക്കുമെന്ന് തന്റെ വചനത്തിൽ വാഗ്ദത്തം ചെയ്തിട്ടുണ്ട്. അങ്ങിനെ ഈ ലഘുലേഖയിലെ സത്യത്തേയും മറ്റു സത്യങ്ങളേയും വില്യം ബ്രൺഹാമിന്റെ ശുശ്രൂഷയിൽ കർത്താവ് ഉറപ്പിച്ചു പോന്നിട്ടുണ്ട് (മലാഖി 4:5-6).

സർവ്വശക്തനായ യഹോവയായ ദൈവം നിങ്ങൾക്ക് തന്നെത്തന്നേയും തന്റെ നാമമായ കർത്താവായ യേശുക്രിസ്തു എന്നതും വെളിപ്പെടുത്തി തരുമാറാകട്ടെ. യോഹന്നാൻ 17:3 പറയുന്നു

വസിക്കുവാനും സാധിക്കുന്നു. 1 യോഹന്നാൻ 5:20 ൽ "ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിയുവാൻ നമുക്ക് വിവേകം തന്നു എന്നും നാം അറിയുന്നു. നാം സത്യദൈവത്തിൽ തന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നെ ആകുന്നു. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു." എന്നു പറയുന്നുണ്ട്.

ദൈവം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു എന്ന് ബൈബിൾ വളരെ കൃത്യമായി പറയുന്നുണ്ട്. മാത്രമല്ല പുത്രനായ യേശു യോഹന്നാൻ 14:7ൽ തന്റെ ശിഷ്യൻമാരോട് "നിങ്ങൾ എന്നെ അറിഞ്ഞിരുന്നു എങ്കിൽ എന്റെ പിതാവിനേയും അറിയുമായിരുന്നു. ഇന്നു മുതൽ നിങ്ങൾ അവനെ അറിയുന്നു, അവനെ കണ്ടുമിരിക്കുന്നു എന്നു പറഞ്ഞു."

അവർ യേശുവിനെ അറിഞ്ഞിരുന്നെങ്കിൽ! അവർ അവനെ അറിഞ്ഞിരുന്നോ? തീർച്ചയായും അവർ അവനെ അറിഞ്ഞിരുന്നു. എന്നാൽ അവർ അവനെ അറിഞ്ഞിരുന്നത് ഒരു മനുഷ്യനായിട്ടാണ്. കാരണം ആത്മാവായിരിക്കുന്ന ദൈവം മാംസരക്തത്തോടുകൂടി വെളിപ്പെട്ടു എന്ന വെളിപ്പാട് അവർക്കില്ലാത്തതുകൊണ്ട്. യേശു പറഞ്ഞമാതിരി "നിങ്ങൾ എന്നെ അറിഞ്ഞിരുന്നു എങ്കിൽ എന്റെ പിതാവിനേയും അറിയുമായിരുന്നു. അങ്ങനെ പിതാവിനെ അറിയുക മാത്രമല്ല പിതാവിനെ കാണുകയും ചെയ്യുമായിരുന്നു. ഇങ്ങിനെ ആത്മാവായിരിക്കുന്ന ദൈവം മാംസരക്തത്തോടുകൂടിയ പുത്രന്റെ ശരീരത്തിൽ വന്നു എന്ന വെളിപ്പാടിൻമേലാണ് ക്രിസ്തുവിന്റെ സഭ കെട്ടപ്പെട്ടിരിക്കുന്നത്. മാത്രമല്ല ഓരോ വീണ്ടും ജനിക്കപ്പെട്ട പുത്രനും പുത്രിയും കർത്താവിന്റെ വരവിങ്കൽ അവനോടുകൂടെ ആകുവാൻ ഈ വെളിപ്പാട് അത്യാവശ്യമാണ്.

യോഹന്നാൻ 14:16-20 ൽ യേശു മറ്റൊരു കാര്യസ്ഥനെപ്പറ്റി സംസാരിക്കുമ്പോൾ അതേ സത്യത്തെത്തന്നെ ഉറപ്പാക്കുകയാണ് ചെയ്യുന്നത്. അത് പുത്രന്റെ മാംസരക്തത്തോടുകൂടിയ ശരീരം നമ്മെ വീണ്ടെടുക്കുന്നതിന്നുവേണ്ടി കാൽവരിയിൽ കൂടി കടന്നു



ആത്മാർത്ഥതയുള്ള വ്യക്തികൾ വഴിതെറ്റിപ്പോകുന്നതിൻറയും ചില വ്യക്തികൾ കുഴപ്പത്തിൽ ആകുന്നതിൻേറയും കാരണം എന്തെന്നാൽ സംഘടനാ സഭകളുടെ വൈദീക ശാസ്ത്ര പഠനം പരിശുദ്ധാത്മാവിനാൽ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ വചനത്തിന് പകരമായി മാറ്റപ്പെട്ടു എന്നുള്ളതുകൊണ്ടാണ്.

പിതാവിൻെറയും പുത്രൻേറയും പരിശുദ്ധാത്മാവിൻെറയും നാമം എന്താണ്? ഈ ലഘുലേഖ വായിക്കുന്നവരിൽ അനേകർ മത്തായി 28:19 അനുസരിച്ച് ഒരു സ്ഥാപന സഭയിൽ വെച്ച് (Denominational Church) തളിക്കലിലൂടെയോ മുങ്ങിയോ സ്നാനം എടുത്തവരായിരിക്കും. എന്നിരുന്നാലും ആ നാമമെന്താണ് എന്ന് അവർ അറിഞ്ഞിരിക്കില്ല. മറ്റുള്ളവർ വെള്ളത്തിൽ സ്നാനം എടുക്കണമെന്നതിനെപ്പറ്റി വിചാരിക്കുന്നുണ്ടാകും. അങ്ങിനെയുള്ളവർ സ്നാനപ്പെടുന്നതിന്ന് മുമ്പായി ആ നാമമെന്താണ് എന്നറിഞ്ഞിരിക്കണം.

പിതാവ് എന്നത് ഒരു പേരല്ല; പുത്രൻ എന്നത് ഒരു പേരല്ല; പരിശുദ്ധാത്മാവ് എന്നത് ഒരു പേരല്ല.

നിങ്ങളുടെ ബേങ്കിലെ ഒരു ചെക്കിൻമേൽ അപ്പൻ, പുത്രൻ, വല്ല്യപ്പൻ എന്നീ വാക്കുകൾ എഴുതി ഒപ്പിട്ടു കൊടുക്കുന്നത് വളരെ വിചിത്രമായിരിക്കില്ലേ? അങ്ങിനെയുള്ള ഒരു ചെക്കിന് യാതൊരുവിധ വിലയും ഉണ്ടാകുകയില്ല എന്നുള്ളത് നിങ്ങൾക്കറിയാമല്ലോ. അങ്ങിനെയെങ്കിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ പദവികളിൽ എന്തിന് സ്നാനപ്പെടണം?

നിങ്ങൾ ഒരു പക്ഷേ പറഞ്ഞേക്കാം, "യേശു ഇങ്ങിനെ സ്നാനമെടുക്കുവാൻ പറഞ്ഞു. അതുക്കൊണ്ട് അത് എനിക്ക് ധാരാളമായി മതി" എന്ന്. ആ കല്പന യേശു കൊടുത്തു എന്നത് ശരിയാണ് മാത്രമല്ല, മത്തായി 28:20 ൽ ഉറപ്പിച്ച് പറയുന്നത്, ഈ കല്പന പഠിപ്പിക്കുകയും അനുസരിക്കുകയും ചെയ്താൽ താൻ നമ്മോടുകൂടെ എല്ലായ്പോഴും ഉണ്ടായിരിക്കും എന്നുമാണ്.

ആ യേശു തന്നെയല്ലേ പൌലോസിനെ ദമാസ്കസിലേക്കുള്ള റോഡിൽവെച്ച് അഗ്നിസ്തംഭത്തിലൂടെ കണ്ടുമുട്ടിയതും, പെന്തക്കോസ്തുനാളിൽ മാളികമുറിയിവെച്ച് പത്രോസിനേയും മറ്റു 119 സ്ത്രീപുരുഷൻമാരേയും പരിശുദ്ധാത്മാവായി വന്നു നിറച്ചതും (അപ്പോ. പ്രവൃത്തി 2:1-4). യേശു വീണ്ടും യോഹന്നാൻ 14-16-18 വരേയുള്ള വാക്യങ്ങളിൽ പറഞ്ഞു "എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും, അവിടുന്ന് സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന്ന് നിങ്ങൾക്കു തരും. ലോകം അവനെ കാണുകയോ അറികയോ ചെയ്യായ്കയാൽ അതിന് അവനെ ലഭിപ്പാൻ കഴിയുകയില്ല. നിങ്ങളോ അവൻ നിങ്ങളോടുകൂടെ വസിക്കുകയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുക്കൽ വരും."

ക്രൂശിക്കപ്പെട്ട് മരിച്ചതിൽനിന്ന് ഉയിർത്തെഴുന്നേറ്റ നമ്മുടെ കർത്താവായ യേശുക്രിസ്തുവാണ് പത്രോസിൽകൂടി അപ്പോ. പ്രവൃത്തി 2:14-36 വരേയുള്ള ഭാഗം സംസാരിച്ചത് അങ്ങിനെ സംസാരിക്കപ്പെട്ട വചനങ്ങൾ യേശുവിനെ ക്രൂശിച്ചവർ കേട്ടപ്പോൾ അവരിൽ കുറ്റബോധം വരുത്തുകയും "സഹോദരൻമാരായ പുരുഷൻമാരേ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്" എന്ന് നിലവിളിച്ച് ചോദിക്കുമാറാക്കുകയും ചെയ്തു. (അപ്പോ. പ്രവൃത്തി 2:37) അങ്ങിനെ 38-ാം വചനത്തിൽ കർത്താവായ യേശു പത്രോസിൽകൂടി പിന്നേയും സംസാരിച്ചു പറഞ്ഞത് "മാനസാന്തരപ്പെട്ട് പാപങ്ങളുടെ മോചനത്തിന്നായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുക അപ്പോൾ നിങ്ങൾക്ക് പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും."

യേശു, മത്തായി 28:19 ൽ പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുക എന്നു പറഞ്ഞപ്പോൾ താൻതന്നെക്കുറിച്ചും തന്റെ നാമത്തെക്കുറിച്ചും ഉള്ള വെളിപ്പാടിന്റെ സത്യത്തെക്കുറിച്ചാണ് സംസാരിച്ചത്. അങ്ങിനെ



രക്തത്തോടും കൂടിയ ശരീരത്താൽ നമ്മുടെ രക്ഷകനായ യേശു പുത്രനായും വെളിപ്പെട്ടിട്ടുണ്ട് അല്ലെങ്കിൽ പ്രകടമാക്കിയിട്ടുണ്ട്. അതുകൂടാതെ, തന്നെക്കുറിച്ചു തന്നെ നിങ്ങൾ ഇപ്പോൾ വായിച്ചുകൊണ്ടിരിക്കുന്ന തന്റെ വചനത്തിലൂടെ നിങ്ങൾക്ക് വെളിപ്പെടുത്തി തരുവാനായിട്ട് പരിശുദ്ധാത്മാവിന്റെ രൂപത്തിൽ വെളിപ്പെട്ടിട്ടുണ്ട്.

നഷ്ടപ്പെട്ടുപോയവരെ വീണ്ടെടുക്കുവാനായിട്ടും തന്നോടുതന്നെ നിരപ്പാക്കുന്നതിന്നായിട്ടും ആത്മാവായിരിക്കുന്ന ദൈവം തന്റെ പുത്രനിൽകൂടി മാംസരക്തത്തോടുകൂടിയ ശരീരത്തിൽ വന്നു (എബ്രായർ 10:5) ശരീരപ്രകാരം പുത്രൻ ഒരു കന്യകയിലൂടേയാണ് ജനിച്ചത് കാരണം ഏദെൻ തോട്ടത്തിൽ വെച്ചുണ്ടായ മൂല പാപത്തെ മറികടക്കുന്നതിന്നായി അത് അങ്ങിനെ തന്നെ ആവണമായിരുന്നു. അങ്ങിനെ അവൾ പരിശുദ്ധാത്മാവിനാൽ നിഴലിടപ്പെട്ടു. (ലൂക്കോസ് 1:35) പുത്രനായ യേശുവിന് രണ്ട് അപ്പൻമാർ ഉണ്ടായിരുന്നുവോ?

ത്രിത്വ ഉപദേശവും ഏകത്വ ഉപദേശവും രണ്ടും തെറ്റാണ്. ദൈവ വചനം കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള വെളിപ്പാടിനേക്കുറിച്ചാണ് പ്രകാശനമാക്കുന്നത് അങ്ങിനെ ഓരോ ക്രിസ്ത്യാനിയും യേശു ദൈവത്തിന്റെ പുത്രനാണ് എന്നു ഏറ്റു പറയണം (1 യോഹന്നാൻ 4:15)

പുത്രനായ യേശുവിന്റെ മാംസരക്തത്തോടുകൂടിയ ശരീരം അല്ലെങ്കിൽ കൂടാരത്തിലാണ്, ഒരു ആത്മാവായിരിക്കുന്ന പിതാവ് വസിച്ചതും വെളിപ്പെടുത്തപ്പെട്ടതും. ഇത് പുത്രനായ യേശുവിനെ ത്രിത്വത്തിലെ വ്യക്തികളിൽ രണ്ടാമത്തെ ഭാഗമാക്കുന്നില്ല. എന്നാൽ ദൈവത്തിന്റെ ഒരു പ്രകടനമായി മാത്രം കാണിക്കുന്നു (യോഹന്നാൻ 1:1, 14). മാംസരക്തത്തോടു കൂടിയ ആ ശരീരമാണ് നമുക്കുള്ള യാഗം. ആ രക്തത്തിൽകൂടി ധൈര്യമായി തന്റെ സന്നിധിയിലേക്ക് കടക്കുവാനും (എബ്രായർ 10:19) തന്നെ അറിയുവാനും, തന്നിൽ

വീണ്ടും ജനിക്കുകയും പരിശുദ്ധാത്മാവിനാൽ നിറയുകയും ചെയ്ത ഓരോ ദൈവത്തിൻെറ കുഞ്ഞും അവരവരുടെ സ്വർഗ്ഗീയ പിതാവിൻെറ നാമം എന്താണ് എന്ന് അറിയുകയും ആ നാമത്തിൽ വെള്ളത്തിലൂടെയുള്ള സ്നാനം എടുക്കുകയും ചെയ്യും. യേശു പിതാവിൻെറ നാമത്തെ വെളിപ്പെടുത്തി (യോഹ. 17:6)

പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമം എന്നു പറയുന്നത് കർത്താവായ യേശുക്രിസ്തു എന്നു മാത്രമല്ല ഓരോ വിശ്വാസിയായ ക്രിസ്ത്യാനിയും സ്നാനപ്പെടുവാനുള്ള ഒരേ ഒരു വഴി കർത്താവായ യേശുക്രിസ്തു എന്ന നാമത്തിൽ മാത്രമാണ്. ഈ വെളിപ്പാടുള്ളവനും പരിശുദ്ധാത്മാവ് നിറഞ്ഞവനുമായ ഒരു വ്യക്തിയെക്കൊണ്ട് യേശു സ്നാനപ്പെട്ടതുമാതിരി മുങ്ങിയാണ് അല്ലാതെ തളിക്കലിൽ കൂടിയല്ല സ്നാനപ്പെടേണ്ടിയത്.

നിങ്ങൾ സ്ഥാനപ്പേരുകളിൽ കൂടിയാണ് സ്നാനപ്പെട്ടിരിക്കുന്നതെങ്കിൽ തീർച്ചയായും നിങ്ങൾ വീണ്ടും കർത്താവായ യേശു ക്രിസ്തുവിൻെറ നാമത്തിൽ സ്നാനപ്പെടേണ്ടിയിരിക്കുന്നു. ഓരോ ക്രിസ്ത്യാനിയും അപ്പോ. പ്രവൃത്തികൾ 2:38 പ്രകാരം സ്നാനപ്പെട്ടിരിക്കണം. പരിശുദ്ധാത്മാവെന്ന ദാനം ലഭിക്കുവാൻ ദൈവം തന്നിട്ടുള്ള വഴി അതാണ്. കൊലോസ്യർ 3:17 പറയുന്നതെന്തെന്നാൽ "നിങ്ങൾ വാക്കിലോ, ക്രിയയിനാലോ എന്തുചെയ്താലും സകലവും കർത്താവായ യേശുവിൻെറ നാമത്തിൽ ചെയ്തും അവൻ മുഖാന്തിരം പിതാവായ ദൈവത്തിന്ന് സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ" തീർച്ചയായും സ്നാനം എന്നത് ഏറ്റുപറയുന്നതിൻേറയും പ്രവൃത്തിയുടേയും ഒരു വാക്കാണ്.

ദൈവത്തിൻെറ വചനത്തിൽ എവിടെയും മൂന്നു പേർ ചേർന്നതാണ് (Trinity of persons) ദൈവം എന്ന പരാമർശം ഇല്ല. ത്രിത്വത്തിൻെറ തത്വം വേദ വാക്യത്തിന്ന് വിരുദ്ധവും തെറ്റുമാണ്. യോഹന്നാൻ 4:24 പറയുന്നത് "ദൈവം ഒരു ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ സത്യത്തിലും ആത്മാവിലും



അവിടുത്തെ ആരാധിക്കണം." മാക്ക് 12:29 ൽ "ഓ ഇസ്രായേലേ കേൾക്കുക നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്" എന്നും വീണ്ടും എഫെസിയർ 4:5-6 ൽ "കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്നു, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലുംകൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" എന്നും പറഞ്ഞിട്ടുണ്ട്.

ത്രിത്വ ഉപദേശവും പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ സ്ഥാനപ്പേരുകളിലുള്ള സ്നാനവും ആദ്യകാലത്തെ സ്ഥാപന സഭകളുടേയും (Denomilnatlonal Churches) മറ്റു എല്ലാ സംഘടിത സഭകളുടേയും (Organisational Churches) അടിസ്ഥാനം ആണ് എന്നു മാത്രമല്ല അത് എ.ഡി. 325 ൽ നിസിയ കൗൺസലിൽ വെച്ചാണ് സഭയുടെ ഉപദേശമായി അംഗീകരിക്കുവാനും ഇടയായത്. അത് അങ്ങിനെതന്നേയാണോ എന്ന് നിങ്ങൾ നിങ്ങളുടെ ലൈബ്രറിയിലുള്ള സമതി സമ്മേളനങ്ങളുടേ (Conucil Meeting) റെക്കാർഡുകൾ പരിശാധിച്ച് ഉറപ്പാക്കാനായി നിർദ്ദേശിക്കുന്നു.

കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള വെളിപ്പാടെന്ന പാറമേലാണ് ക്രിസ്തുവിൻെറ ശരീരമായ സഭയെ പണിതിരിക്കുന്നത് (മത്തായി 16:16-18). എന്നാൽ മനുഷ്യരുടെ ചിന്തക്കനുസൃതമായി ത്രിത്വഉപദേശവും പദവി നാമങ്ങളിലുള്ള സ്നാനവും കർത്താവായ യേശു ക്രിസ്തുവിൻെറ വെളിപ്പാടിന്നു പകരമായി ഉണ്ടാക്കുകയും, അങ്ങിനെ ഇന്നുവരെ നിലനില്ക്കുന്ന സ്ഥാപന സമ്പ്രദായങ്ങളെ ഉൽഭവിപ്പിക്കുകയും ചെയ്തു.

ദൈവം ഒരു ആത്മാവാണ് (യോഹന്നാൻ 4:24) എന്നാൽ അവിടെ മൂന്നു വിധമായ വെളിപ്പെടലുകൾ ഉണ്ട് അല്ലെങ്കിൽ മൂന്നു പദവികളിലൂടെ വെളിപ്പെട്ടിട്ടുണ്ട്. എല്ലാത്തിനേയും സൃഷ്ടിച്ചവൻ എന്ന നിലക്ക് പിതാവായും, മാംസത്തോടും